(ഡി) പൊന്നുംവില നിയമത്തിൽ വസ്തു ഉടമകൾക്ക് നൽകുന്ന നഷ്ട പരിഹാരത്തുകയുടെ പലിശ കുറക്കുന്നതിനായി കേന്ദ്രസർക്കാരിന് എഴുതിയിട്ടുണ്ട്.

വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കൽ

11 [3531] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
„ ടി. വി. ചന്ദ്രമോഹൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെയും, മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമമെന്താണ്;

(ബി) പ്രസ്തുത നടപടിക്രമം ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ 23-3-1985-ലെ ജി. ഒ. (പി.) 192/85/ആർഡി. സർക്കാർ ഉത്തര വിന്റെ അടിസ്ഥാനത്തിലാണ് വരുമാന സർട്ടിഫിക്കറ്റ് നൽകി വരുന്നത്. വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിശ്ചിത ഫാറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ വകുപ്പുകൾ/അധികാരസ്ഥാ നങ്ങൾ മുൻപാകെ നൽകപ്പെടേണ്ട വരുമാന സർട്ടിഫിക്കറ്റ് നൽകുന്ന അധികാരസ്ഥൻ വില്ലേജാഫീസറും കേന്ദ്ര സർക്കാർ വകുപ്പുകൾ മുൻപാകെ ഹാജരാക്കേണ്ട സർട്ടി ഫിക്കറ്റുകൾ നൽകേണ്ട അധികാരസ്ഥൻ തഹസിൽദാരുമാണ്.

(ബി) തൽക്കാലം നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

തീര സുരഭി പദ്ധതി പ്രകാരം കൈവശരേഖ

12 [3532] *ശ്രീ. വി. ഡി. സതീശൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. വാഹിദ്:
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരഭി പദ്ധതിപ്രകാരം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് അവർ താമസിക്കുന്ന ഭൂമിയുടെ കൈവശരേഖ നൽകി;

(ബി) ഇനി എത്ര പേർക്ക് കൈവശരേഖ നൽകാനുണ്ട്;

(സി) അവർക്ക് കൈവശരേഖ നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരസുരഭി പദ്ധതി പ്രകാരം 6243 പേർക്ക് ഇതുവരെ കൈവശരേഖ നൽകിയിട്ടുണ്ട്.

(ബി) ഇനി 491 പേർക്ക് കൈവശരേഖ നൽകാനുണ്ട്.

(സി) അപേക്ഷകർ മത്സ്യത്തൊഴിലാളികൾ എന്ന് തെളിയിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കാത്തതുകൊണ്ടും ചില കേസുകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി കിട്ടാത്തതുകൊണ്ടുമാണ് കാലതാമസം നേരിടുന്നത്.

(ഡി) ഈ പദ്ധതി പ്രകാരം അർഹരായവർക്കെല്ലാം എത്രയും പെട്ടെന്ന് കൈവശരേഖ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കിലെ കുത്തകപ്പാട്ട കൃഷി ഭൂമിക്ക് പട്ടയം

13 [3533] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ചിറ്റാർ സീതത്തോട് വില്ലേജുകളിലുൾപ്പെടുന്ന തിരുവിതാംകൂർ സർക്കാർ കക്കാട്ടുവാലി ഭക്ഷ്യോൽപ്പാദന മേഖലയിൽ കൃഷിക്കാർക്കായി കുത്തകപ്പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിനും പിന്നീട് കൈവശം വച്ചനുഭവിക്കുന്നതിനുമായി എത്ര ഏക്കർ സ്ഥലം എത്ര ബ്ലോക്കുകളിലായി നൽകിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര ബ്ലോക്കുകൾക്കാണ് പട്ടയം നൽകിയിട്ടുള്ളത്. ഇനിയും എത്ര ബ്ലോക്കുകൾക്കാണ് പട്ടയം നൽകാനുള്ളതെന്നും അവ ഏതൊക്കെ എന്നും ബ്ലോക്ക് നമ്പർ സഹിതം വ്യക്തമാക്കാമോ;

(സി) വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ജോയിന്റ് വെരിഫിക്കേഷൻ 1982-ൽ പൂർത്തിയാക്കി ജണ്ട കെട്ടി തിരിച്ചിട്ടും ഈ ഭൂമിക്ക് പട്ടയം നൽകിയിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂമിക്ക് പട്ടയമില്ലാത്തതുമൂലം ഈ മേഖലയിലെ കർഷകർക്ക് സർക്കാരിന്റെയും, ബാങ്കുകളുടേയോ യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല എന്നതിൻമേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ഈ ഭൂമിക്ക് അടിയന്തിരമായി പട്ടയം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly